LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഒരു പ്രത്യേക പ്രദേശത്തിന്റെ ക്ഷീരവികസന സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി സമഗ്രമായ ക്ഷീരവികസന പദ്ധതി ആ പ്രദേശത്ത് മാത്രമായി നടപ്പിലാക്കുന്നതിനാണ് പ്രസ്തുത ഘടകം ലക്ഷ്യമിടുന്നത്.

(ബി) കണ്ണൂർ ജില്ലയിലെ പൊട്ടംപ്ലാവ്, മണിക്കടവ്, ജയഗിരി, കർമ്മലഗിരി, കനകക്കുന്ന്, പൈസക്കരി എന്നീ പ്രദേശങ്ങളിലും എറണാകുളം ജില്ലയിൽ കന്നുകരയിലും ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നു.

(സി) ക്ഷീരോല്പാദക മേഖലയിലേയ്ക്ക് കൂടുതൽ കർഷകരെയും സംരംഭകരെയും സ്വയം സഹായസംഘങ്ങളെയും കൊണ്ടുവരുന്നതിനും കന്നുകാലികളിൽ ഉല്പാദന ക്ഷമത വർദ്ധിപ്പിച്ച് കർഷകരിൽ കാലിവളർത്തലിൽ ശാസ്ത്രീയ രീതികൾ അവലംബിക്കുന്നതിന് പ്രാപ്തരാക്കുന്നതിനും പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന എം.എസ്.ഡി.പി. പദ്ധതിയുടെ ഭാഗമായി ജില്ലയിലെ ചില പ്രത്യേക പ്രദേശങ്ങളിൽ മാത്രമായി നടപ്പിലാക്കുന്ന ക്ഷീരവികസന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം എം.എസ്.ഡി.പി.-യിലെന്നപോലെ തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകർക്ക് ഒരു പശു, 2 പശു, 5 പശു, 10 പശു തുടങ്ങിയ ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായവും സാങ്കേതിക സഹായവും നൽകുന്നു. കൂടാതെ ക്ഷീരഗ്രാമം പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകർക്ക് ആവശ്യാധിഷ്ഠിത സഹായവും കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും മിൽക്കിംഗ് മെഷീൻ മുതലായ ഉപകരണങ്ങൾ വാങ്ങുന്നതിനും ധനസഹായം നൽകുന്നു.

ക്ഷീരമേഖലയ്ക്കായി ചെലവഴിച്ച തുക

61 (1532) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരമേഖലയ്ക്കായി കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ ബഡ്ജറ്റിൽ അനുവദിച്ചതും ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചതുമായ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) അതിൽ ക്ഷീര കർഷകർക്ക് സബ്സിഡി ഇനത്തിൽ ചെലവഴിച്ച തുക എത്രയെന്ന് പറയാമോ;

(സി) പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പാലിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വിതരണം ചെയ്യുന്നതിനുമായി ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ബഡ്ജറ്റിൽ അനുവദിച്ച തുക - 77171.27 ലക്ഷം രൂപ

ചെലവഴിച്ച തുക - 66519.07 ലക്ഷം രൂപ

(ബി) ക്ഷീരകർഷകർക്ക് സബ്സിഡി ഇനത്തിൽ ചെലവഴിച്ച തുക - 48308.05 ലക്ഷം രൂപ.

(സി) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീര വികസന വകുപ്പ് തീറ്റപ്പുൽ കൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് ഡലവപ്പ്മെന്റ് പദ്ധതി, കാലിത്തീറ്റ സബ്സിഡി പദ്ധതി, ക്ഷീര സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതി തുടങ്ങിയവ നടപ്പിലാക്കുന്നു. കൂടാതെ പാലിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനാവശ്യമായ ടെയിനിംഗും വിപണനം നടത്തുന്നതിനാവശ്യമായ സാങ്കേതിക സഹായങ്ങളും നൽകിവരുന്നുണ്ട്. മലബാർ മേഖലാ ക്ഷീരോല്പാദക യൂണിയൻ, കിടാരി സംരക്ഷണ പദ്ധതി, നിലമ്പൂർ, അട്ടപ്പാടി പ്രദേശത്തെ കർഷകർക്ക് പശുക്കളെ വാങ്ങുന്നതിന് സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിക്കുക, പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സാമ്പത്തിക സഹായത്തോടെ ക്ഷീരവികസന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുക, പച്ചപ്പുല്ല്, മറ്റ് ഉല്പാദനോപാധികൾ ഇവ കർഷകർക്ക് ലഭ്യമാക്കുക, ഡയറി ഫാമുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ, NPD, NPDDBB, RKVY മുതലായ പദ്ധതികൾ വഴി ക്ഷീരോല്പാദന വർദ്ധനവിന് നടപടികൾ എന്നിവ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം മേഖലാ യൂണിയൻ, മിനി ഡയറി പദ്ധതി, പശുക്കളെയും കിടാരികളെയും വാങ്ങിക്കുന്നതിനുള്ള സഹായം, തൊഴുത്ത് പണിയുന്നതിന് സാമ്പത്തിക സഹായം, കറവയന്ത്രം വാങ്ങുന്നതിന് സാമ്പത്തിക സഹായം, പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ക്യാമ്പുകൾ, കർഷകർക്കും കറവക്കാർക്കും സൊസൈറ്റി സ്റ്റാഫുകൾക്കുമുള്ള ടെയിനിംഗ്, ഉല്പാദന വർദ്ധനവിനും കാലികളുടെ ആരോഗ്യ സംരക്ഷണത്തിനും വേണ്ട വിരമരുന്നും മറ്റും നല്കുക എന്നിവയും എറണാകുളം മേഖലാ യൂണിയൻ കാലിത്തീറ്റ ഇൻസെന്റീവ്, ഫാമുകൾക്ക് ട്രാൻസ്പോർട്ടേഷൻ സബ്സിഡി, വയ്ക്കോൽ വാങ്ങുന്നതിന് സബ്സിഡി, പ്രഷർ വാഷർ വാങ്ങുന്നതിന് സബ്സിഡി എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ ഐ.ഡി.ഡി.പി./സി.എം.പി. പദ്ധതികളും എൻ.ഡി.ഡി.ബി.-യുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന ആർ.ബി.പി., വി.ബി.എം.പി.എസ്. പദ്ധതികളുടെ സഹായത്തോടെ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഡയറികളുടെ പ്രവർത്തനശേഷി വർദ്ധിപ്പിക്കുക, ഐസ്ക്രീം, ബട്ടർ, സ്റ്റെറിലൈസ്ഡ് മിൽക്ക്, പനീർ മുതലായ നൂതന ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുക, പാൽ വിതരണ ശൃംഖലയെ ശക്തിപ്പെടുത്തുക തുടങ്ങിയ പദ്ധതികളും മേഖലാ യൂണിയനുകളും ഫെഡറേഷനും നടപ്പിലാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly